DESPATCHED
On 08/06/2020
17.3.2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

**ഹർജി നമ്പർ AP.1031(*2*)/*2019*/*എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം.6595/*എസ്.ഐ.സി-ജി 6/19***
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.സി.സ്കറിയ**
**പുതുമന (H) പി.ഒ**
**അമയന്നൂർ**
**കോട്ടയം-686 019** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ജൂനിയർ സൂപ്രണ്ട്(R)**
   **കളക്ടറേറ്റ്**
   **കോട്ടയം**
2. **അപ്പീൽ അധികാരി ആന്റ്**
   **ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)**
   **കോട്ടയം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.02.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.02.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.04.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.04.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ആയതിനും മറുപടി ലഭ്യമാക്കിയില്ലെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 29.01.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ബഹു.റവന്യൂ മന്ത്രിക്ക് നൽകിയ അപേക്ഷ തുടർനടപടികൾക്കും റിപ്പോർട്ടിനുമായി 26.10.2018 ലെ DCKTM/8549/2018/R2 നം. അയച്ചതിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് നിന്നും തുടർനടപടിയോ റിപ്പോർട്ടോ നൽകിയെങ്കിൽ ആയതിന്റെ വിവരം നൽകണമെന്നും, കോട്ടയം കളക്ടറേറ്റിൽ നിന്നും ലഭിച്ച അറിയിപ്പിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നുമാണ്

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 07.02.2019 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 25.02.2019 ൽ അപ്പീൽ അപേക്ഷ നൽകുകയും, ആയതിന് അപ്പീലധികാരി മറുപടി നൽകിയില്ല.

4. 13.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപ്പീൽ 25.02.2019 ന് സമർപ്പിച്ചതായി പറയുന്നുവെന്നും, എന്നാൽ 25.02.2019 തിയതി വച്ച് കക്ഷി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി ഓഫീസിൽ നിന്നും ടിയാൻ വിവരാവകാശ നിയമപ്രകാരം നൽകിയിട്ടുള്ള മറുപടികളിൻമേലുള്ള അപ്പീൽ ആയി കാണുന്നില്ലെന്നും, കക്ഷിയുടെ 16.11.2018, 29.01.2019 തിയതികളിലെ അപേക്ഷയ്ക്കുള്ള മറുപടി നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നും, ആയവയിൽ ഏതു കത്തിനെതിരെയാണ് അപേക്ഷ സമർപ്പിച്ചതെന്ന് കക്ഷി സൂചിപ്പിച്ചിട്ടില്ലെന്നും, ടി അപേക്ഷയിൽ കക്ഷി പറയുന്നത് കോട്ടയം ആർ.ടി.ഒയ്ക്കും, കോട്ടയം തഹസീൽദാർക്കും ടിയാൻ സമർപ്പിച്ചിട്ടുള്ള വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി ലഭിച്ചിട്ടില്ലെന്നാണ്. എന്നാൽ ടി ഓഫീസുകളിലെ അപ്പീൽ അധികാരിക്കാണ് അപ്പീൽ സമർപ്പിക്കേണ്ടതെന്നും, അപ്രകാരം സമർപ്പിച്ചതായി പരാമർശിച്ചില്ലെന്നും, പരാതികക്ഷി ബഹു. റവന്യൂ മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ പോക്കുവരവ് സംബന്ധിച്ച പരാതിയായി പരിഗണിച്ച് 27.10.2018 ൽ കോട്ടയം ആർ.ഡി.ഒ യ്ക്ക് അയച്ചിട്ടുണ്ടെന്നും, 29.04.2019 ന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ അപ്പീലിൽ ആവശ്യപ്പെട്ടിരുന്നത് വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള അപ്പീൽ അല്ലെന്ന് കമ്മീഷൻ വിലയിരുത്തുകയും, എന്നാൽ ടി അപേക്ഷ ആർ.ഡി.ഒ യ്ക്കും, തഹസീൽദാർക്കും അയച്ചു കൊടുത്തതിൽ, ആർ.ഡി.ഒ ഹിയറിംഗ് വച്ചിട്ടു ണ്ടെന്നും തഹസിൽദാർ മറുപടി നൽകിയെന്നും എസ്.പി.ഐ.ഒ ഹിയറിംഗിൽ ബോധിപ്പിച്ചു. ആയതിനാൽ, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION * THIRUVANANTHAPURAM *

res